കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പെരിങ്ങര ഗ്രാമപഞ്ചായത്ത്- പടവിനകം പാടശേഖരം വാച്ചാൽ തോട് സംരക്ഷണം (പ്രോ.നം.63/ 17 അടങ്കൽ 50,000/- രൂപ മെയിന്റനൻസ് ഗ്രാന്റ്) എന്ന പ്രോജക്ടിന്റെ തുക നൽകുന്നതിന് പ്രത്യേക പ്രോജക്ട് എടുക്കാൻ അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.2616/2018/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി, 11.10.2018

വായന :- 1. പെരിങ്ങര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 04.04.2018-ലെ A3-100/18-ാം നമ്പർ കത്തും 27.03.2018-ലെ 2(2)-ാം നമ്പർ ഭരണസമിതി തീരുമാനവും

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 02.05.2018-ലെ യോഗത്തിലെ തീരുമാനം നം. 4.3

**ഉത്തരവ്**

പെരിങ്ങര ഗ്രാമപഞ്ചായത്ത് 2016-17 വർഷം പടവിനകം പാടശേഖരം വാച്ചാൽ തോട് സംരക്ഷണം (പ്രോ.നം.63/17 അടങ്കൽ 50,000/- രൂപ മെയിന്റനൻസ് ഗ്രാന്റ്) എന്ന പ്രോജക്ട് പൂർത്തിയാക്കിയെന്നും 30.03.2017-ൽ ബിൽ തുകയായ 49,007/- രൂപയുടെ അലോട്ട്മെന്റ് എടുത്തുവെങ്കിലും ബിൽ ട്രഷറിയിൽ സമർപ്പിച്ചിരുന്നില്ലെന്നും അതിനാൽ തുക നൽകാൻ കഴിഞ്ഞില്ലെന്നും 2017-18 വർഷം ഈ പ്രോജകട് ക്യാരി ഓവറായി ഉൾപ്പെടുത്താൻ വിട്ടുപോയെന്നും ഈ തുക നൽകുന്നതിന് 2018-19-ൽ പ്രോജക്ട് എടുക്കാൻ അനുമതി നൽകണമെന്നും പെരിങ്ങര ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അഭ്യർത്ഥിച്ചിരുന്നു.

2. 02.05.18 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇക്കാര്യം പരിശോധിച്ചു. ടി യോഗത്തിന്റെ 4.3 നമ്പർ തീരുമാനപ്രകാരം തനത്ഫണ്ടോ വികസനഫണ്ടോ ഉപയോഗിച്ച് ഈ പ്രോജക്ടിന്റെ തുക നൽകുന്നതിന് പ്രത്യേക പ്രോജക്ട് എടുക്കാൻ പെരിങ്ങര ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു

3. കൂടാതെ ഇക്കാര്യത്തിൽ പിഴവ് വരുത്തിയ ഉദ്യോഗസ്ഥനോട് പഞ്ചായത്ത് ഡയറക്ടർ വിശദീകരണം ആരാഞ്ഞ് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രസിഡണ്ട്, പെരിങ്ങര ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ളാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ